DISPATCHED
On...11/1/22...



22/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.393(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9065/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഡി. വിനോദ് കുമാർ,<br>പ്രസിഡന്റ്, പ്രതികരണവേദി,<br>കരീലകുളങ്ങര പി.ഒ., കായംകുളം,<br>ആലപ്പുഴ-690 572 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ (ജനറൽ),<br>ഭൂജലവകുപ്പ് ഡയറക്ടറുടെ കാര്യാലയം,<br>ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്<br>കവടിയാർ പി.ഒ., തിരുവനന്തപുരം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 07.08.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 11.08.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 13.10.2021 |
| ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

പരാതി ഹർജിക്കാരനായ ശ്രീ. ഡി. വിനോദ് കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും മന:പൂർവ്വമായി മറുപടി നൽകാതിരുന്ന എതിർകക്ഷിക്കെതിരെ ശിക്ഷാ നടപടി കമ്മീഷൻ കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 25.03.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ഫീൽഡ് ജോലിക്കല്ലാതെ ഒരു കാറ്റഗറിയിലുളള കാഷ്വൽ തൊഴിലാളികളേയും (CLR/SLR) നിയോഗിക്കരുതെന്നും അധികമുളള മുഴുവൻ CLR തൊഴിലാളികളേയും ഒഴിവാക്കണെമെന്നും ഉളള നിർദ്ദേശം കർശനമായി പാലിച്ച് സർക്കാരിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യണമെന്ന് 27.08.2016 ലെ ഡെപ്യൂട്ടി സെക്രട്ടറി കെ.ശിവദാസന്റെ GW1/131/2016-WRD എന്ന കത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും ആയതിന്മേൽ ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും

ii. ഭൂജല വരുപ്പിൽ ജോലി ചെയ്യുന്ന (CLR/SLR) തൊഴിലാളികളെ പിരിച്ച് വിട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ന് എന്നും എത്ര തൊഴിലാളികളെ എന്നും ഏതെല്ലാം ജില്ലാ ഓഫീസുകളിൽ നിന്നും എന്നും മറ്റുമായി 8 ഇനങ്ങളിലായുളള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ് ഹർജികക്ഷി പ്രസ്താവിച്ചത്. എന്നാൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം 18.07.2021 ൽ എതിർകക്ഷി ഹർജികക്ഷിക്ക് ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് ഹാജരാക്കിയതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 25.03.2021 ലെ വിവരാവകാശ അപേക്ഷക്ക് ടിയാന് 28.07.2021 ന് എസ്.പി.ഐ.ഒ. അംഗീകരിച്ച് സെക്ഷൻ ക്ലാർക്കിന് നൽകിയെന്നും കമ്മീഷനിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട കത്ത് ലഭിച്ചപ്പോൾ ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ചപ്പോൾ ആയത്

സംബന്ധിച്ച രേഖകൾ ഒന്നും ഡെസ്പാച്ചിൽ നിന്നും ലഭിക്കാത്തതിനാൽ ഒരു പകർപ്പു കൂടി ടിയാന് അയച്ചുകൊടുത്തുവെന്നും ഹർജികക്ഷി എതിർകക്ഷി ഓഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നില്ലെന്നും അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിൽ ആ സമയത്ത് തന്നെ മറുപടിയുടെ പകർപ്പ് അയച്ചുകൊടുക്കുമായിരുന്നു എന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉദ്യോഗസ്ഥരെ കോവിഡ് ഡ്യൂട്ടിക്ക് നിയോഗിച്ചതിനാലും ഓഫീസിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന നിയന്ത്രണവും മൂലമാണ് ടിയാന്റെ അപേക്ഷയിൽ തയ്യാറാക്കിയ മറുപടി ഡെസ്പാച്ച് ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 25.03.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 27.08.2021 ൽ മറുപടി ലഭ്യമാക്കിയത് എതിർകക്ഷി കമ്മീഷൻ മുമ്പാകെ 13.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം ആണ് ഹാജരാക്കിയതായി കാണുന്നത്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഹർജികക്ഷിക്ക് 27.08.2021 ൽ ലഭ്യമാക്കി എന്നു പറയുന്ന മറുപടി എസ്.പി.ഐ.ഒ. അംഗീകരിച്ച് സെക്ഷൻ ക്ലാർക്കിന് കൈമാറി എന്നു റിപ്പോർട്ടിൽ പ്രസ്താവിച്ചത് തീയതി വെട്ടിത്തിരുത്തിയ രീതിയിലാണ് കാണുന്നത്. കൂടാതെ സമയബന്ധിതമായി ഹർജികക്ഷിക്ക് മറുപടി ലഭ്യമാക്കുന്നതിൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. അഞ്ചു മാസത്തോളം മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയത് അംഗീകരിക്കത്തക്കതല്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഉദ്യോഗസ്ഥരെ കോവിഡ് ഡ്യൂട്ടിക്ക് നിയോഗിച്ചതിനാലും ഓഫീസിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന നിയന്ത്രണവും മൂലമാണ് ടിയാന്റെ അപേക്ഷയിൽ തയ്യാറാക്കിയ മറുപടി ഡെസ്പാച്ച് ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്ന് എതിർകക്ഷി റിപ്പോർട്ടിൽ പ്രസ്താവിച്ചതും അംഗീകരിക്കാവുന്നതല്ല. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്. മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമം

വകുപ്പ് 7(1) പ്രകാരം കുറ്റകരവും വകുപ്പ് 20(1) പ്രകാരം ശിക്ഷാർഹവുമാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 22–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

RIGHT TO INFORMATION